# പതിനാലാം കേരള നിയമസഭ

## ഏഴാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ - 3417 22.08.2017 ൽ മറുപടിയ്ക്കുണ്ടായിരുന്നത്

## കോടതിയിൽ നിന്നും പരിപൂർണ്ണ ജാമ്യം

**ചോദ്യം**

ശ്രീ.എ. എൻ. ഷംസീർ

**ഉത്തരം**

പിണറായി വിജയൻ
(മുഖ്യമന്ത്രി)

(എ) സംസ്ഥാനത്ത് അന്വേഷണത്തിലിരിക്കുന്ന കൊലപാതക കേസുകളിൽ പ്രതി ചേർക്കപ്പെട്ടവരിൽ ആർക്കെങ്കിലും കോടതിയിൽ നിന്നും പരിപൂർണ്ണ ജാമ്യം ലഭിക്കാത്തതിനാൽ വർഷങ്ങളായി സ്വന്തം നാട്ടിലും വീട്ടിലും കടക്കാൻ സാധിക്കാത്തതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ അവർ ആരെല്ലാമാണെന്നും ഏതു കേസിലാണ് പ്രതിചേർക്കപ്പെട്ടതെന്നും സ്വന്തം നാട്ടിലും വീട്ടിലും കടക്കാൻ കഴിയാതായിട്ട് എത്രനാളായെന്നും വെളിപ്പെടുത്താമോ;

(എ) & (ബി) കണ്ണൂർ ജില്ലയിലെ തലശ്ശേരി പോലീസ് സ്റ്റേഷനിൽ രജിസ്റ്റർ ചെയ്യുതും (ക്രൈം നമ്പർ. 442/2006) ഇപ്പോൾ സി.ബി.ഐ. അന്വേഷിച്ചു കൊണ്ടിരിക്കുന്നതുമായ ക്രൈം നമ്പർ. RC2(S)/2008/CBI/SCB, Chennai u/s 143, 147, 148, 302,341, 120B r/w 149 IPC and Sec.27 of the Arms Act എന്ന കൊലപാതക കേസ്സിൽ 7, 8 ആയി പ്രതിചേർക്കപ്പെട്ട കാരായി ചന്ദ്രശേഖരൻ, കാരായി രാജൻ എന്നിവർ ബഹുമാനപ്പെട്ട കേരള ഹൈക്കോടതിയുടെ ജാമ്യവ്യവസ്ഥ പ്രകാരം കേസ്സ് Disposal ആകുന്നതുവരെ എറണാകുളം ജില്ലയിൽ തങ്ങണം (Stay within Ernakulam District) എന്നും ബഹുമാനപ്പെട്ട എറണാകുളം 4th അഡീഷണൽ സെഷൻസ് കോടതിയുടെയോ അല്ലെങ്കിൽ പ്രസ്തുത കോടതിയുടെ ചാർജ് വഹിക്കുന്ന കോടതിയുടെയോ അനുമതി ഇല്ലാതെ എറണാകുളം ജില്ല വിട്ടുപോകാൻ പാടില്ലാത്തതുമാണ് എന്നും 07/11/2013 തീയതിയിലെ ജാമ്യ ഉത്തരവിൽ നിഷ്കർഷിച്ചിട്ടുള്ളതാണ്.

(സി) പ്രസ്തുത കേസിൽ പ്രതി ചേർക്കപ്പെട്ടവർ നാട്ടിൽ പ്രവേശിക്കാതെ കഴിയേണ്ടിവരുമ്പോൾ അവരുടെ താമസവും ഭക്ഷണവും ഉൾപ്പെടെയുള്ള പരിരക്ഷ സർക്കാർ നൽകുന്നുണ്ടോ ; വിശദമാക്കുമോ;

(സി) താമസവും ഭക്ഷണവും ഉൾപ്പെടെയുള്ള പരിരക്ഷ സർക്കാർ നൽകുന്നില്ല.

(ഡി) പ്രസ്തുത കേസുകളിൽ ഇതുവരെയുണ്ടായിട്ടുള്ള നടപടിക്രമങ്ങൾ വിലയിരുത്തിയിട്ടുണ്ടോ;

(ഡി) സി.ബി.ഐ അന്വേഷിക്കുന്ന കേസ്സായതിനാൽ വിലയിരുത്തിയിട്ടില്ല.

(ഡി) പ്രസ്തുത കേസുകളിൽ ഇതുവരെയുണ്ടായിട്ടുള്ള നടപടിക്രമങ്ങൾ വിലയിരുത്തിയിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദാംശം നൽകുമോ;

(ഡി) സി.ബി.ഐ അന്വേഷിക്കുന്ന കേസ്സായതിനാൽ വിലയിരുത്തിയിട്ടില്ല.

(ഇ) സംസ്ഥാനത്ത് ഈ സർക്കാർ കാലയളവിൽ ഏതെങ്കിലും കൊലപാതക കേസുകളിൽ പ്രതി ചേർക്കപ്പെട്ടവർക്ക് സമാനമായ ജാമ്യവ്യവസ്ഥകൾക്ക് വിധേയരാകേണ്ടി വന്നിട്ടുണ്ടോ; ഉണ്ടെങ്കിൽ ആരൊക്കെയെന്ന് അറിയിക്കുമോ ?

(ഇ) ആലപ്പുഴ ജില്ലയിൽ ഹരിപ്പാട് പോലീസ് സ്റ്റേഷൻ ക്രൈം നമ്പർ.234/17 പ്രകാരം കേസ് രജിസ്റ്റർ ചെയ്ത കേസ്സിലെ 5 പ്രതികൾക്കെതിരെ രണ്ട് മാസത്തേയ്ക്ക് ആലപ്പുഴ ജില്ലയിൽ പ്രവേശിക്കുന്നതിന് ബഹുമാനപ്പെട്ട കേരള ഹൈക്കോടതി ഉത്തരവ് പ്രകാരം വിലക്കിയിട്ടുണ്ട്. വിശദാംശം ചുവടെ ചേർക്കുന്നു.

1) അഖിൽ അശോക്
2) ഗോകുൽ
3) സജീർ
4) മനു @ പാര മനു
5) ശ്രീജിത്ത്

സെക്ഷൻ ഓഫീസർ